വെയിറ്റർ, റൂംബോയ്, ബംഗ്ലാവ്മേട്ടി എന്നീ തസ്തികകൾക്ക് മറ്റു തസ്തികകളേക്കാൾ ഉയർന്ന ശമ്പളസ്കെയിൽ അനുവദിക്കപ്പെട്ടു. തന്മൂലം വെയിറ്റർ, റൂം ബോയ്, ബംഗ്ലാവ്മേട്ടി എന്നീ തസ്തികകൾ വകുപ്പിലെ ഇതര ലാസ്റ്റ് ഗ്രേഡ് തസ്തികകളുടെ പ്രമോഷൻ തസ്തികയായി കണക്കാക്കിവരികയായിരുന്നു. എന്നാൽ ഇത് നിയമ പ്രാബല്യമില്ലാത്ത നടപടിയാണ്. മാത്രമല്ല ഇപ്രകാരം പ്രമോഷൻ നടത്തുന്ന തിനെതിരെ ഹൈക്കോടതിയിൽ 24493/2000 നമ്പരായി ഒ.പി.-യും നിലവിലുണ്ട്. അതിനാൽ ഉയർന്ന ശമ്പളസ്കെയിലുള്ള വെയിറ്റർ, റൂംബോയ്, ബംഗ്ലാവ്മേട്ടി എന്നീ തസ്തികകളെ ലാസ്റ്റ്ഗ്രേഡ് സർവ്വീസിൽ നിന്നും മാറ്റി കേരള ടൂറിസം സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെടുത്തുന്നതിനായി നടപടി സ്വീകരിച്ചുവരികയാണ്. നിയമ ഭേദഗതിക്ക് ശേഷം അർഹതയുള്ള ലാസ്റ്റ്ഗ്രേഡ് ജീവനക്കാർക്ക് വെയിറ്റർ, റൂംബോയ്, ബംഗ്ലാവ്മേട്ടി എന്നീ തസ്തികകളിലേക്ക് പ്രമോഷൻ നൽകാൻ ഉദ്ദേശിക്കുന്നു. ബട്ലർ തസ്തികയിലേക്ക് പ്രമോഷന് സ്പെഷ്യൽ റൂളിൽ നിഷ്കർഷിച്ചിരിക്കുന്ന യോഗ്യതയുള്ളവർ ഇല്ലാത്തതുമൂലമാണ് പ്രമോഷൻ നൽകാൻ കഴിയാത്തത്.

(സി) ഒഴിവുള്ള തസ്തികകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലിക നിയമനം നടത്തിവരുന്നുണ്ട്.

## കണ്ടൽക്കാടുകളുമായി ബന്ധപ്പെടുത്തി ഇക്കോ ടൂറിസം പദ്ധതി

92 [2709] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള കണ്ടൽ കാടുകളുമായി ബന്ധപ്പെടുത്തി പരിസ്ഥിതി പഠന പ്രവർത്തനങ്ങളെയും ഗവേഷണ പ്രവർത്തനങ്ങളെയും പ്രോൽസാഹിപ്പിക്കുന്ന തരത്തിൽ അതിബൃഹത്തായ ഒരു ഇക്കോ ടൂറിസം പദ്ധതി പ്രാവർത്തികമാക്കുന്നതു സംബന്ധിച്ച് എന്തെങ്കിലും പഠനങ്ങൾ നടത്തുകയുണ്ടായിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പഠനത്തിന്റെ കണ്ടെത്തലുകൾ എന്താണെന്നു വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതു സംബന്ധിച്ചു കൈക്കൊണ്ട നടപടികൾ വ്യക്തമാക്കുമോ?

### ഉത്തരം

(എ) ഇല്ല.

(ബി & സി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly